(ബി) എങ്കിൽ സ്വന്തമായി കെട്ടിടം പണിയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇക്കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്.

ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന ഭൂമി കൈമാറ്റ രജിസ്ട്രേഷനുകൾ

189 [1769] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര ഭൂമി കൈമാറ്റ രജിസ്ട്രേഷനുകൾ നടത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഓഫീസിലെ തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കൂടുതൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2002-03 .. 1598 എണ്ണം

2003-04 .. 1967 എണ്ണം

(ബി) സബ് രജിസ്ട്രാർ .. 1

ഹെഡ് ക്ലാർക്ക് .. 1

യു.ഡി. ക്ലാർക്ക് .. 2

എൽ.ഡി. ക്ലാർക്ക് .. 1

ശിപായി .. 2

പാർട്ട് ടൈം സ്വീപ്പർ .. 1

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ ഒഴിവുകൾ

190 [1770] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ താലൂക്കാസ്ഥാനത്തുള്ള സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരുടെ ഒഴിവു നികത്താത്തതുകാരണം കുടിക്കട സർട്ടിഫിക്കറ്റടക്കമുള്ള പ്രധാന സർട്ടിഫിക്കറ്റുകൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ ഒരു ഹെഡ് ക്ലാർക്കിന്റെ ഒഴിവുണ്ട്. സീനിയോരിറ്റി സംബന്ധമായി ബഹു: സുപ്രീം കോടതിയിലും, ബഹു: കേരള ഹൈക്കോടതിയിലും കേസുകൾ നിലവിലുള്ളതിനാലാണ് പ്രസ്തുത ഒഴിവ് നികത്താനാകാത്തത്. കോടതി തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

ഹരിയാലി പദ്ധതി

191 [1771] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഹരിയാലി പദ്ധതി നടപ്പാക്കുവാൻ സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നടപ്പാക്കുവാൻ നിശ്ചയിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരം അറിയിക്കുമോ;

(സി) തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ബ്ലോക്ക് തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് പ്രോജക്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly